# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## 'യേശു ദൈവമല്ലെങ്കിൽ പിന്നെ ആരാണ്?'




### 'യേശു ദൈവമല്ലെങ്കിൽ പിന്നെ ആരാണ്?'. മൗലവി സുലൈമാനെ മാരിയോ ജോസഫ് എന്ന ലോക പ്രസിദ്ധ കത്തോലിക്കാനാക്കി മാറ്റിയ ചോദ്യം

മുസ്ലിം പണ്ഡിതനും ഇമാമുമായിരുന്ന മൗലവി സുലൈമാനെ ഉദരത്തിൽ വഹിക്കുമ്പോൾ തന്നെ ഒരുപാട് ഗർഭാരിഷ്ടതകൾ അദ്ദേഹത്തിന്റെ മാതാവിന് അനുഭവിക്കേണ്ടി വന്നു. 'കുഞ്ഞിനെ ലഭിക്കാൻ സാധ്യതയില്ലായെന്ന്' ഡോക്ടർമാരും വിധിയെഴുത്ത് നടത്തി, പക്ഷേ ദൈവഹിതം മറ്റൊന്നായിരിന്നു. യാതൊരു കുഴപ്പവും കൂടാതെ സുലൈമാൻ ജനിച്ചു. ധാരാളം ഹിന്ദുകളും മുസ്ലിംങ്ങളും വിരലിലെണ്ണാവുന്ന ക്രിസ്ത്യാനികളും ഉണ്ടായിരുന്ന ഒരു പ്രദേശത്താണ് അദ്ദേഹം ജനിച്ചു വളർന്നത്. കടുത്ത മുസ്ലിം വിശ്വാസികളായ കുടുംബം. മതാചാരങ്ങളിൽ കാർക്കശ്യക്കാരനായ പിതാവ്, എട്ടാമത്തെ വയസിൽ സുലൈമാനെ മദ്രസയിലേക്ക് അയച്ചു. ഖുറാനിലും മുസ്ലിം വിശ്വാസ തത്വങ്ങളിലുമുള്ള അഗാധമായ പാണ്ഡിത്വം സുലൈമാനേ തന്റെ പതിനെട്ടാം വയസ്സിൽ നാട്ടിലെ പള്ളിയിലെ ഇമമാക്കി മാറ്റി.

മോസ്ക്കിൽ വച്ച് നടന്ന സംവാദത്തിലേ ഒരു ചോദ്യമാണ് സുലൈമാന്റെ ജീവിതത്തിനു വഴിത്തിരിവുണ്ടാക്കിയത്. ഒരു ചോദ്യം കൊണ്ട് മനോഹരമായ ദിവസമെന്ന് ആ ദിവസത്തെ വിശേഷിപ്പിക്കാം. യേശു ക്രിസ്തു ദൈവമല്ല എന്നു സുലൈമാൻ സമർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ പള്ളിയിൽ കൂടിയിരുന്നവരിൽ ആരോ ഒരാൾ ഉച്ചത്തിൽ ചോദിച്ചു, 'യേശു ദൈവമല്ലെങ്കിൽ പിന്നെ ആരാണ്?'. മൗലവി സുലൈമാനെ മാരിയോ ജോസഫ് എന്ന ലോക പ്രസിദ്ധ കത്തോലിക്കാനാക്കി മാറ്റിയത് ഈ ചോദ്യമാണ്. ക്രിസ്തുവിനെപറ്റി കൂടുതൽ അറിയാൻ, സുലൈമാൻ ഖുറാൻ മുഴുവൻ പരതാൻ തുടങ്ങി. കണ്ടെത്തിയതോ, അദ്ദേഹത്തെ വീണ്ടും കുഴപ്പിച്ചു. മുഹമ്മദിനെപ്പറ്റി നാലു പ്രാവശ്യമാണ് ഖുറാനിൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ, യേശു ക്രിസ്തുവിനെപറ്റി ഇരുപത്തഞ്ചു പ്രാവശ്യം പറയുന്നുണ്ട്. രണ്ടാമതായി, ഖുറാനിൽ പേരെടുത്തു പറയുന്ന ഏക സ്ത്രീ, യേശുവിന്റെ അമ്മയായ മറിയമാണ്. മുഹമ്മദിന്റെ മാതാവിനു പോലും ഈ ബഹുമതി ലഭിച്ചിട്ടില്ല എന്ന വസ്തുത സുലൈമാനെ വീണ്ടും സംശയത്തിലാഴ്ത്തി.

ഇസ്ലാമിൽ നിന്നും ക്രിസ്തുമതത്തിലേക്കുള്ള മാറ്റത്തെ പറ്റി അദ്ദേഹം ഹൃദയം തുറന്നു

യേശുവിന്റെ ഒട്ടേറെ അത്ഭുതപ്രവൃത്തികൾ ഖുറാനിൽ വ്യക്തമായി വിവരിക്കുന്നുണ്ട്. അവയിൽ ചിലത് ബൈബിളിൽ ഇല്ലാത്തവയാണ്; 'ജനിച്ച രണ്ട് ദിവസം കഴിഞ്ഞപ്പോൾ ഉണ്ണിയേശു സംസാരിച്ചത്, കുഴച്ച മണ്ണ്കൊണ്ട് ഒരു പക്ഷിയുടെ രൂപം മെനഞ്ഞെടുത്തു അതിൽ ഊതിയപ്പോൾ, അതൊരു ജീവൻ ഉള്ള പക്ഷിയായിത്തീർന്ന സംഭവം' ഇങ്ങനെ നീളുന്നു. ഖുറാനിൽ വിവരിക്കുന്ന മറ്റു അത്ഭുതങ്ങളും അന്ധരെയും കുഷ്ടരോഗികളെയും സൗഖ്യമാക്കുന്നതുൾപ്പടെയുള്ളവ ബൈബിളിലും ഉള്ളതാണ്. ഇതോടൊപ്പം, യേശു ദൈവവചനവും, രക്ഷകനും ആണെന്നും ഖുറാൻ വിസ്തരിച്ചു പ്രസ്താവിക്കുന്നുണ്ട്.

മാരിയോ ജോസഫ് ആയി മാറിയ മൗലവി സുലൈമാന്റെ അഭിപ്രായത്തിൽ, യേശുവിന്റെ ഈ അവസ്ഥാ വിശേഷം, മുഹമ്മദിൽ നിന്നും തികച്ചും വിപരീതമാണ്. മുഹമ്മദ് ഒരു അത്ഭുതവും നടത്തിയിട്ടില്ല, മരിച്ചു, മടങ്ങിവരുമെന്ന വാഗ്ദാനവും നല്കിയിട്ടില്ല, അദ്ദേഹത്തെ 'ദൈവത്തിന്റെ വചനമായി' വിശേഷിപ്പിക്കപെട്ടിട്ടുമില്ല. ഇതിൻ പ്രകാരം, ഒരു മുസ്ലിം വൈദികനെന്ന നിലയിൽ, ഖുറാനിലേ യേശുവിന് മുഹമ്മദിനെകാൾ കൂടുതൽ ഉന്നത സ്ഥാനം ഉള്ളതായി അദ്ദേഹം മനസ്സിലാക്കി. എന്നാൽ ഈ കണ്ടെത്തലുകൾ, മുസ്ലിം പള്ളിയിലെ മുതിർന്ന ഒരു മൗലവിയുമായി അദ്ദേഹം പങ്കുവെച്ചപോൾ, നിരവധി പ്രതിസന്ധികൾ അദ്ധേഹത്തെ വേട്ടയാടാൻ തുടങ്ങി; 'ക്രിസ്തുവിനേക്കാൾ എന്ത് മേല്ക്കോയ്മയാണ് മുഹമ്മദിന് നൽകേണ്ടത് എന്ന സുലൈമാന്റെ ചോദ്യം അവരെ ചൊടിപ്പിച്ചു എന്നു വ്യക്തം.

മൌലവിമാരിൽ നിന്നുമുള്ള പ്രതികരണത്തിൽ ദുഖിതനായി, ഖുറാൻ നെഞ്ചത്തു ചേർത്ത് വെച്ച് തന്റെ ആശയകുഴപ്പത്തെ പറ്റി അള്ളായോട് പ്രാർത്ഥിച്ചത് മാരിയോ ഓർക്കുന്നു. അദ്ദേഹം പ്രാർത്ഥിച്ചു 'അള്ളാഹുവേ, ഞാൻ എന്ത് ചെയ്യണം?. യേശു ഇന്നും ജീവിച്ചിരിക്കുന്നുവെന്നും മുഹമ്മദ് സ്വാഭാവിക രീതിയിൽ മരിച്ചു പോയെന്നും നിന്റെ ഖുറാനിൽ പറയുന്നു. ഇതിൽ ആരെയാണ് ഞാൻ സ്വീകരിക്കേണ്ടതെന്നു നീ പറഞ്ഞു തരുക.' ഈ പ്രാർത്ഥനയ്ക്ക് ശേഷം അല്പം കഴിഞ്ഞ് അദ്ദേഹം ഖുറാൻ തുറന്നപോൾ കിട്ടിയതു സൂറ പത്താം അദ്ധ്യായത്തിലെ 94 ാം വാക്യമായിരിന്നു (സൂറ 10:94). 'ഫ ഇൻ കുൻ ത ഫീ ശക്കി (ഇൻ) ഉമിയോ ആൻ സലന ഇലൈക്ക ഫസ് അലി ല ക്വദ് ജാനുകൽ ഹ ക്കു മിൻ ന്റബ്ബിക ഫലാ തകുന ന്ന്! മിനൽ മുതരീൻ'(അറബിക് ).

മലയാളം പരിഭാഷയിൽ ആശയമിതാണ്, 'ഇനി നിനക്ക് നാം അവതരിപ്പിച്ചു തന്നതിനെപ്പറ്റി വല്ല സംശയവും ഉണ്ടെങ്കിൽ ധഅതായത്, നിന്റെ പേര് തൌറത്തിലും (തോറ) ഇഞ്ചീലിലും (സുവിശേഷം) എഴുതപ്പെട്ടിരിക്കുന്നുപ. നിനക്ക് മുന്പു തന്നെ വേദഗ്രന്ഥം വായിച്ചു വരുന്നവരോട് ചോദിച്ചു നോക്കുക തീർച്ചയായും നിനക്ക് രക്ഷിതാവിങ്കല് നിന്നുള്ള സത്യം വന്നു കിട്ടിയിരിക്കുന്നു. അതിനാൽ നീ സംശയാലുക്കളുടെ കൂട്ടത്തിലായി പോകരുത്. അല്ലാഹുവിനെ പറ്റി അറിയാൻ, സംശയമുള്ളവർ ബൈബിളിലേക്ക് (പഴയ നിയമവും സുവിശേഷങ്ങളും) തിരിയാൻ ആണ് ഈ വാക്യം ഉദ്ബോധിപ്പിക്കുന്നതെന്ന് മാരിയോ സാക്ഷ്യപ്പെടുത്തുന്നു. ഖുറാൻ നൽകിയ ഈ ബോധ്യത്തെ സ്വീകരിച്ചു കൊണ്ട് അദ്ദേഹം ഒരു ബൈബിൾ കൈവശമാക്കി വായിക്കാൻ തുടങ്ങി. ഖുറാനിൽ പറഞ്ഞതുപോലെ, യേശു ദൈവത്തിന്റെ വചനമാണെന്ന് ബൈബിളിൽ (യോഹന്നാൻ 1:1-"ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു") കണ്ടെത്താൻ അദ്ദേഹത്തിന് സാധിച്ചു.ഈ സംഭവത്തിന് ശേഷം തന്റെ ജീവിതത്തിലെ ഒരു നിർണായകമായ ഒരു കാലഘട്ടത്തിലേക്കാണ്, മാരിയോ പ്രവേശിച്ചത്.



ബൈബിളിനെയും ഖുറാനെയും തുല്യമായി കണക്കാക്കാൻ അദ്ദേഹം തുടങ്ങി. ഒരു ദിവസം മുസ്ലിം ആണെന്ന് പറയും, പിറ്റേദിവസം ക്രിസ്ത്യാനി ആണെന്നും. ഇത്രയും വർഷം അഗാധ പഠനം നടത്തിയ ഖുറാനോ, അതോ അല്ലാഹു ബോധ്യം നൽകിയെന്ന് താൻ കരുതപ്പെടുന്ന ബൈബിളോ? രണ്ടിനുമിടയിൽ, എന്താണ് സത്യമെന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ അദ്ദേഹത്തിന് കഴിഞ്ഞതേയില്ല. സംശയങ്ങൾ വേട്ടയാടിയിരുന്ന ഈ സമയത്താണ് വിശുദ്ധ ബൈബിളിലെ യോഹന്നാന്റെ സുവിശേഷഭാഗം മാരിയോയുടെ ശ്രദ്ധയിൽപ്പെട്ടത്. അത് ഖുറാനിൽ ഉള്ളതിൽ നിന്നും തികച്ചും വിപരീതമായ ഒരു സന്ദേശം നല്കുന്നതായിരുന്നു. ഈ വാക്യമാണ് അല്ലാഹുവും ബൈബിളിലെ യേശുവും തമ്മിൽ ഉള്ള ഒരു കാതലായ വ്യത്യാസം കണ്ടെത്താൻ മാരിയോയെ സഹായിച്ചത്.

അല്ലാഹു യജമാനനും മനുഷ്യർ അവന്റെ അടിമകളാണെന്നും അദ്ദേഹത്തിന് ഇഷ്ടമുള്ളതെന്തും അവരോടു ചെയ്യാമെന്നുമാണ് ഖുറാൻ പഠിപ്പിക്കുന്നത്. അത്കൊണ്ട് തന്നെ അള്ളാഹുവിനും മനുഷ്യനുമിടയിൽ ആഴമായ ഒരു ബന്ധമില്ലായെന്ന് മാരിയോ തുറന്നു സമ്മതിക്കുന്നു. എന്നാൽ യോഹന്നാൻ ഒന്നാം അദ്ധ്യായത്തിലെ 12ആം തിരുവചനം സാക്ഷ്യപ്പെടുത്തുന്നത് ഇങ്ങനെയാണ് 'തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കൾ ആകാൻ 'അവൻ' കഴിവുനല്കി' (യോഹ. 1:12). തന്നെയും ഈ ലോകത്തെയും സ്നേഹിക്കുന്ന സ്വർഗീയ പിതാവിനെയാണ് താൻ മാതൃക ആക്കേണ്ടതെന്ന് മരിയോ ഉറപ്പിച്ചു. ഈ ഒറ്റ തീരുമാനത്തിൽ മുസ്ലിം വിശ്വാസം കൈവെടിഞ്ഞു ക്രിസ്തുവിന്റെ അനുയായി അദ്ദേഹം മാറി. ക്രിസ്തുവിലേക്കുള്ള ഈ മാറ്റം മാരിയോയുടെ കുടുംബത്തിൽ, പ്രത്യേകിച്ച് കടുംപിടിത്തക്കാരനായ പിതാവിന് മുന്നിൽ അരക്ഷിതാവസ്ഥ ഉണ്ടാക്കുന്നതിന് കാരണമായി എന്നു നിസംശയം പറയാം. പക്ഷേ ക്രിസ്തുവിന്റെ പരിധിയില്ലാത്ത സ്നേഹത്തെ ഓർത്തപ്പോൾ ഈ പ്രശ്നങ്ങൾ വളരെ നിസാരമായി തോന്നിയെന്ന് അദ്ദേഹം തന്നെ സാക്ഷ്യപ്പെടുത്തുന്നു.

ഒരിക്കൽ മരിയോ ഒരു ധ്യാനം കൂടികൊണ്ടിരുന്നപ്പോൾ, പിതാവും കുടുംബാംഗങ്ങളും ധ്യാനകേന്ദ്രത്തിൽ എത്തി. മാരിയോയെ ആക്രമിച്ച് കീഴ്പ്പെടുത്തികൊണ്ട് അവർ വീട്ടിലേക്ക് കൊണ്ടു പോവുകയും ചെയ്തു. സുബോധം വീണ്ടെടുത്തപ്പോൾ, പൂട്ടിയിട്ട മുറിയിൽ ചങ്ങലയാൽ ബന്ധിക്കപെട്ട പൂർണ്ണ നഗ്നനായ തന്റെ ദൃശ്യമാണ് അയാൾ കണ്ടത്. കാർക്കശ്യക്കാരനായ തന്റെ പിതാവ്, കണ്ണിലും മൂക്കിലും വായിലും തുറന്ന മുറിവുകളിലും മുളകുപൊടി പുരട്ടിയിരുന്നു. മൂന്ന് ആഴ്ചത്തേക്ക്, കുടുംബാംഗങ്ങൾ തിരിഞ്ഞു നോക്കിയതേയില്ല. ഭക്ഷണമോ, ജീവൻ നിലനിർത്താൻ വെള്ളമോ അവർ നൽകിയതെയില്ല. ആ ദിവസങ്ങളിൽ സഹോദരങ്ങളിൽ ഒരാൾ മുറിയിലേക്ക് കടന്നു വന്നു മൂത്രം കുടിക്കാനായി നല്കിയത് അദ്ദേഹം ഓർക്കുന്നു .

ഒരു ദിവസം പിതാവ് മുറിയിലേക്ക് കഠാരയുമായി കടന്നു വന്നു. ചങ്ങലയഴിച്ചുമാറ്റിയിട്ട് അദ്ദേഹം തന്റെ നിലപാട് വ്യക്തമാക്കി. 'ഇസ്ലാമിലേക്ക് മടങ്ങിവന്നാൽ ജീവിച്ചിരിക്കാമെന്നും അല്ലാത്ത പക്ഷം ഒരു ക്രിസ്ത്യാനിയായിരിക്കാനാണ് നീ ആഗ്രഹിക്കുന്നതെങ്കിൽ!, എനിക്ക് നിന്നെ കൊല്ലേണ്ടതായി വരുമെന്നും' അദ്ദേഹം മുന്നറിയിപ്പ് നല്കി. മാരിയോ കഴിഞ്ഞ കാല ജീവിതത്തിലെ സഹനങ്ങളെ ഓർക്കുന്നു. ഖുറാനിലെ കൽപനയനുസരിച്ച് 'ഇസ്ലാമിലുള്ള വിശ്വാസം ഉപേക്ഷിക്കുന്നവരെ കൊന്നുകളയണമെന്നുള്ള' അനുശാസനം തന്റെ പിതാവ് അതേപടി പാലിക്കാൻ പോകുകയാണെന്ന് മാരിയോയ്ക്ക് തോന്നി. എന്നാൽ, ക്രിസ്തുവിനെ ഉപേക്ഷികുകയില്ലെന്നു മരിയോ മനസ്സിൽ ഉറച്ച തീരുമാനമെടുത്തിരിന്നു. അത് പിതാവിനു മുന്നിൽ ഏറ്റുപറഞ്ഞ നിമിഷം തന്നെ ശക്തിയോടുള്ള ഒരിടി മാരിയോക്ക് ഏറ്റുവാങ്ങേണ്ടി വന്നു;

'യേശുവേ' എന്ന്! ഉറക്കത്തിൽ അദ്ദേഹം നിലവിളിച്ചു. തന്നെ മർദിച്ച പിതാവ് കുഴഞ്ഞു നിലത്തു വീണു, വായിൽ നിന്നും പത വരാൻ തുടങ്ങി; വീഴ്ചയിൽ, കയ്യിലിരുന്ന കഠാരകൊണ്ട് അദേഹത്തിന്റെ നെഞ്ച് മുറിഞ്ഞ് രക്തം വരാനും തുടങ്ങി.

പിതാവ് മരിക്കാൻ പോവുകയാണെന്ന് ധരിച്ച് കുടുംബാംഗങ്ങൾ അദ്ദേഹത്തെ ധൃതിയിൽ ആശുപത്രിയിൽ എത്തിച്ചു. ഈ ബഹളത്തിനിടയിൽ മുറി പൂട്ടാൻ അവർ മറന്നുപോയി. അങ്ങനെ അവിടെ നിന്നും രക്ഷപെട്ട മരിയോ, ധ്യാനകേന്ദ്രത്തിലേക്ക് തിരിച്ചു പോയി, അവിടെ ഒളിവിൽ കഴിഞ്ഞുകൂടി. കുറച്ചുനാളുകൾക്ക് ശേഷം, 'സമുദായ ഭ്രഷ്ട്' കല്പിച്ച മാരിയോയുടെ കുടുംബം ഒരു 'ശവസംസ്കാര'ചടങ്ങ് തന്നെ ഏർപ്പാടാക്കി. മാരിയോയുടെ ശരീരത്തിന് പകരമായി ഒരു ചെറിയ പ്രതിമ കൊത്തിയുണ്ടാക്കി, അടുത്തുള്ള ശ്മശാനത്തിൽ കുഴിച്ചിട്ടു. അദ്ദേഹം മാമോദീസ മുങ്ങിയ ദിവസം ആയിരുന്നു ശവസംസ്കാര'ചടങ്ങ് നടത്തിയതും.

'ഒരു ക്രൈസ്തവ സ്നേഹിതൻ ആ വഴി കടന്നു പോയി. ആ ശവകുടിരത്തിന്റെ ഒരു ഫോട്ടോ അയാളെടുത്തു എനിക്ക് അയച്ചു തന്നു. അങ്ങനെയാണ് എനിക്ക് ഒരു ശവകുടിരമുണ്ടെന്നു ഞാൻ അറിയുന്നത്, എന്റെ പ്രിയപ്പെട്ട കുടുംബം ഇന്നും എന്നോട് പിണങ്ങി കഴിയുകയാണ്.' ക്രിസ്തുവിൽ അഭിമാനിച്ചുകൊണ്ടു തന്നെ മാരിയോ സാക്ഷ്യപ്പെടുത്തുന്നു. ഇസ്ലാം മതം ഉപേക്ഷിച്ച് ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്തതിനാൽ, മാരിയോയുടെ ജീവൻ തീവ്രവാദികളുടെ ഭീഷണിയുടെ നിഴലിലാണ്. 'ജീവൻ തന്ന യേശു തനിക്കൊപ്പമുള്ളപ്പോൾ താൻ ആരെയും ഭയപ്പെടുന്നില്ലയെന്നും, മധ്യകിഴക്കൻ രാജ്യങ്ങളിൽ പോലും പ്രശ്നങ്ങൾ ഇല്ലാതെ താൻ സുവിശേഷം പ്രസംഗിക്കുന്നത് ദൈവത്തിന്റെ ഇടപെടൽ മൂലമാണെന്ന് മാരിയോ ജോസഫ് വ്യക്തമാക്കുന്നു.

ജീവന് ഭീഷണി ഉണ്ടെങ്കിലും, മാരിയോ മുന്നോട്ടു നീങ്ങുന്നു, കാരണം അദ്ദേഹം മരണത്തെ ഭയപെടുന്നില്ല. മരണത്തെ പേടിക്കുന്നത് ഭോഷത്തമാണ്. ക്രിസ്തുവിലുള്ള നവമായ ജീവിതത്തിന് മരണം അനിവാര്യമാണെന്ന് അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നു. അനേകർക്ക് മുന്നിൽ ക്രിസ്തുവിനെ ഏറ്റുപറഞ്ഞുകൊണ്ടു ജീവിക്കുന്ന മാരിയോ ഒരു മലയാളി കൂടെയാണ്.

ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല (അപ്പ.പ്രവർത്തനങ്ങൾ 4:12).
യേശു ക്രിസ്തു ലോകത്തിലേക്കു വന്നത് പാപികളെ രക്ഷിക്കാനാണ് (1 തിമോത്തേയോസ് 1:15).

കടപ്പാട് : ജേക്കബ് സാമുവേൽ, pravachakasabdam.com